**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 1894 — 14.07.2011 ൽ മറുപടിക്ക്

**ഇലക്ട്രോണിക് ടെണ്ടറിംഗ് സമ്പ്രദായം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി.ററി.എ.റഹീം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിററിയിലെ കരാർ പണികൾ കാര്യക്ഷമവും സുതാര്യ വുമാക്കാൻ ഇലക്ട്രോണിക് ടെണ്ട റിംഗ് സമ്പ്രദായം ഏർപ്പെടുത്തി യിട്ടുണ്ടായിരുന്നോ ; എങ്കിൽ അതു സംബന്ധിച്ച വിശദാംശ ങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ജല അതോറിററിയിൽ കരാർ പണികൾ കാര്യക്ഷമവും സുതാര്യ വുമാക്കുന്നതിനായി 2007 ൽ ഇ ടെണ്ടറിംഗ് ഒരു പൈലററ് പ്രോജക്ട് ആയി ആരംഭിച്ചു. ഇതു വഴി ടെണ്ടർ നടപടികൾ പൂർത്തി യാക്കുന്നതിനുള്ള കാലതാമസം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിച്ചു. ആദ്യം നബാർഡ് ധനസഹായത്തോടെയുള്ള പദ്ധതി കൾക്കാണ് ഇ ടെണ്ടർ പ്രകാരം ദർഘാസുകൾ ക്ഷണിച്ചത്. ശുദ്ധ ജലപദ്ധതികൾ, സ്വിവറേജ് പദ്ധതി കൾ സാധന സാമഗ്രികൾ വാങ്ങുന്ന ടെണ്ടറുകൾ ഇവയ്ക്കെല്ലാം ഇ ടെണ്ടിംഗ് സമ്പ്രദായം ഏർപ്പെ ടുത്തിയിട്ടുണ്ട്. ടെണ്ടറിൻെറ സ്ഥിതിവിവരങ്ങൾ ടെണ്ടർ തുറ ക്കുന്ന സമയം തന്നെ ഇൻറർ നെററിലൂടെ ടെണ്ടറിൽ പങ്കെടുത്തി ട്ടുള്ളവർക്ക് അറിയാൻ സാധിക്കും. നിലവിലുള്ള ഇ ടെണ്ടറിംഗ് വ്യവസ്ഥകളനുസരിച്ച് ടെണ്ടർ ഷെഡ്യൂൾ വാട്ടർ അതോറിററി യുടെ ഈ ടെണ്ടർ നടപടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടെണ്ടർ അപ് ലിങ്ക് ചെയ്യുമ്പോൾ ടെണ്ടർ ഫോറത്തിൻെറ വിലയും ടെണ്ടർ ഇഎംഡി യും ഇപേയ്മെൻറ് വഴി അടക്കേണ്ടതാണ്. എന്നാൽ മാത്രമേ ടെണ്ടർ അപ് ലിംഗ് ചെയ്യുവാൻ സാധിക്കുകയുള്ളു. |
| (ബി) ഇ ടെണ്ടറിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം പഴയ സമ്പ്രദായത്തിൽ കരാർ പണി ടെണ്ടർ ക്ഷണിക്കുകയുണ്ടായോ ; | (ബി) മതിപ്പു ചെലവ് 50 ലക്ഷ ത്തിനു താഴെയുള്ള എല്ലാ പ്രവർത്തികളും ഇപ്പോഴും പഴയ സമ്പ്രദായ ത്തിലാണ് ടെണ്ടർ ചെയ്യുന്നത് |

———

| | |
|---|---|
| (സി) ഇ ടെണ്ടറിംഗ് സമ്പ്രദായത്തിൽ അല്ലാതെ ടെണ്ടർ വിളിക്കില്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഇപ്പോൾ 50 ലക്ഷം രൂപയ്ക്കു മുകളിൽ മതിപ്പു ചെലവുള്ള കരാർ പണികൾ ഇ ടെണ്ടറിംഗ് മുഖേന മാത്രമേ ടെണ്ടർ ക്ഷണിക്കാൻ പാടുള്ളൂ എന്ന നിബന്ധന കർശനമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ